**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 465 — **11.06.2013**- ലെ മറുപടിക്ക്

**സഹകരണ ബാങ്കുകളിലെ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സാജുപോൾ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് നിലവിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികൾ ഇല്ലാത്ത എത്ര സഹകരണ ബാങ്കുകൾ ഉണ്ട്; വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് നിലവിൽ ഭരണ സമിതികൾ ഇല്ലാത്ത 57 സഹകരണ ബാങ്കുകൾ ഉണ്ട്. |
| ബി) കാലാവധി കഴിഞ്ഞിട്ടും തെരഞ്ഞെടുപ്പ് നടത്താത്തതിന്റെ പേരിൽ ഈ സർക്കാർ വന്നതിന് ശേഷം എത്ര ബാങ്കുകളിൽ തെരഞ്ഞെടുപ്പ് നടത്തണമെന്ന് കോടതി ഉത്തരവിട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (ബി) മൂന്ന ബാങ്കുകളിൽ<br>1) ക്യൂ-187 ഈസ്റ്റ് കല്ലട (സൗത്ത്) സർവ്വീസ് സഹകരണ ബാങ്കിന്റെ ഭരണ സമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിന് ബഹു. ഹൈക്കോടതി, ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിനെതിരെ W.A. 688/13 പ്രകാരം അപ്പീൽ ഫയൽ ചെയ്യുകയും ഉത്തരവ് സ്റ്റേ ചെയ്തിട്ടുള്ളതുമാണ്.<br>2) തൃശ്ശൂർ ജില്ലയിലെ വെള്ളറക്കാട് സർവ്വീസ് സഹകരണ ബാങ്കിന്റെ ഭരണ സമിതി തെരഞ്ഞെടുപ്പ് 3 മാസത്തിനകം നടത്താൻ ബഹു. ഹൈക്കോടതി, WP(C)No.18449/12(ഇ) നമ്പർ കേസിൽ 10.04.2013 ന് വിധി പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 07.07.2013 ന് തെരഞ്ഞെടുപ്പ് നടത്താൻ വിജ്ഞാപനം ആയിട്ടുണ്ട്.<br>3) ആലപ്പുഴ ജില്ലയിലെ എരമല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 1175-ൽ തെരഞ്ഞെടുപ്പ് നടത്തുന്നതിന് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. ടി വിധിക്കെതിരെ ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**